# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.553

27.10.2016-ൽ മറുപടിക്ക്

## <u>സബ് രജിസ്ട്രാർ ഓഫീസുകളിലെ അഴിമതി</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**<br>**ശ്രീ.എം.എം. മണി**<br>**ശ്രീ.പി.ടി.എ. റഹീം**<br>**ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് വ്യാപകമായ ക്രമക്കേടും അഴിമതിയും നടക്കുന്നുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) വകുപ്പിൽ കമ്പ്യൂട്ടർ വത്ക്കരണം നടപ്പിലാക്കുകയും, നേരിട്ട് ഓഫീസിൽ വരാതെ തന്നെ പരമാവധി സേവനങ്ങൾ ഓൺലൈനായി നൽകാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകർക്ക് ഓഫീസിൽ നേരിട്ടു വരാതെ ഓൺലൈനായി തന്നെ അപേക്ഷിക്കുന്നതിനും ഓൺലൈനായി തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്തിക്കഴിഞ്ഞു. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ, ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്), ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നിവരുടെ പരിശോധനാ നടപടികൾ കൂടുതൽ കർശനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ നടപടികൾ ഉണ്ടാകുമോ? | സി) ഇതുവരെ ശ്രദ്ധയിൽപ്പെട്ട കേസുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**